2003-2004 സാമ്പത്തിക വർഷ വാർഷിക പദ്ധതി

9 [2489] ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്താം പഞ്ചവത്സര പദ്ധതിയുടെ രണ്ടാം വർഷമായ 2003-2004 സാമ്പത്തിക വർഷം എത്ര രൂപയുടെ വാർഷിക പദ്ധതിയാണ് അംഗീകരിച്ചത്; മൊത്തം പദ്ധതി തുക എത്രയായിരുന്നു;

(ബി) ഇതിൽ ചെലവഴിച്ച തുക എത്രയാണ്;

(സി) ബാക്കി തുക ചെലവഴിക്കുവാൻ സാധിക്കാതെ വന്നത് എന്തു കൊണ്ടാണ് എന്നറിയിക്കാമോ?

ഉത്തരം

(എ) 2003-2004-ൽ സംസ്ഥാന പദ്ധതി അടങ്കൽ 4430.25 കോടി രൂപയായിരുന്നു. ഇത് പിന്നീട് 3796.23 കോടി രൂപയായി പരിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത വർഷം മൊത്തം പദ്ധതി വിഹിതം 4955.54 കോടി രൂപയായിരുന്നു. പരിഷ്ക്കരിച്ച പദ്ധതി വിഹിതം 4401.77 കോടി രൂപയാണ്.

(ബി) താൽക്കാലിക കണക്ക് അനുസരിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളിലടക്കം 3973.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വർഷാദ്യം വിഭവസമാഹരണത്തിൽ വന്ന കുറവും വിവിധ പദ്ധതികൾക്ക് ഭരണാനുമതി നൽകുവാനുണ്ടായ കാലതാമസവും കാരണം മുഴുവൻ വിഹിതവും ചെലവഴിക്കുവാൻ സാധിച്ചില്ല.

മന്ത്രിമാരുടെ കാറുകളും ഇന്ധനചെലവും

10 [2490] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഉപയോഗിക്കുന്ന മോട്ടോർ കാറുകളുടെ ബ്രാന്റ്, മോഡൽ, വർഷം, വാങ്ങിയ തീയതി എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം മന്ത്രിമാർ തങ്ങളുപയോഗിക്കുന്ന വാഹനം മാറ്റി പുതിയത് സ്വീകരിച്ചിട്ടുണ്ട് എന്നും അതിന് കാരണമെന്താണെന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മന്ത്രിമാർ ഔദ്യോഗിക വാഹനത്തിൽ യാത്രചെയ്യുമ്പോൾ യാത്രപ്പടി മൈലേജ് റേറ്റിൽ വാങ്ങുന്നുണ്ടോ എന്നും അത് ഒരു കിലോമീറ്ററിന് എത്ര രൂപയാണെന്നും അറിയിക്കാമോ;

(ഡി) മൈലേജ് റേറ്റ് വാങ്ങുമ്പോൾ ഇന്ധന ചാർജ്ജ് സ്വന്തമായി വഹിക്കണമെന്ന നിബന്ധന നിലവിലുണ്ടോ; എങ്കിൽ ഇതനുസരിച്ചാണോ യാത്രപ്പടി ബില്ലുകളിൽ സ്വയം സാക്ഷ്യപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ഉപയോഗിക്കുന്ന മോട്ടോർ കാറുകളുടെ വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്. †

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന മന്ത്രിമാർക്ക് അവർ ഉപയോഗിച്ചുകൊണ്ടിരുന്ന വാഹനങ്ങൾ സഞ്ചാരയോഗ്യമല്ലാത്തതിനാൽ മാറ്റി പുതിയ വാഹനങ്ങൾ നൽകുകയുണ്ടായി.

മുഖ്യമന്ത്രി, കൃഷിയും കയറും വകുപ്പുമന്ത്രി, ഭക്ഷ്യ, സാംസ്കാരിക, ദേവസ്വം വകുപ്പുമന്ത്രി, സഹകരണവും തുറമുഖവും വകുപ്പുമന്ത്രി, വിദ്യാഭ്യാസ വകുപ്പുമന്ത്രി, വൈദ്യുതി വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി, വനവും സ്പോർട്ട്സും വകുപ്പുമന്ത്രി, തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ഗ്രാമവികസന-രജിസ്ട്രേഷൻ വകുപ്പുമന്ത്രി, പിന്നോക്ക പട്ടിക ക്ഷേമ വകുപ്പുമന്ത്രി, ടൂറിസം വകുപ്പുമന്ത്രി ഗതാഗത വകുപ്പുമന്ത്രി, പൊതുമരാമത്തു വകുപ്പുമന്ത്രി.

(സി) സാലറീസ് ആന്റ് അലവൻസ് ആക്ടിലെ വ്യവസ്ഥപ്രകാരം മന്ത്രിമാരുടെ ഔദ്യോഗിക യാത്രകൾക്ക് കിലോമീറ്ററിന് 6 രൂപ നിരക്കിൽ യാത്രപ്പടി കൈപ്പറ്റാവുന്നതാണ്.

(ഡി) നിലവിലുള്ള നിയമമനുസരിച്ച് മന്ത്രിമാരുടെ വാഹനങ്ങളുടെ ഇന്ധന ചെലവ് അവർ തന്നെ വഹിക്കണമെന്നാണ് നിഷ്ക്കർഷിച്ചിട്ടുള്ളത്.

പ്രതിപക്ഷ നേതാവിനും സ്റ്റാഫിനുമായി വിവിധ ഇനങ്ങളിൽ ചെലവഴിച്ച തുക

11 [2491] ശ്രീ. ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടുവർഷക്കാലയളവിൽ പ്രതിപക്ഷ നേതാവിന്റെ ശമ്പളയിനത്തിൽ ചെലവായ തുക എത്ര;

(ബി) അലവൻസ് ഇനത്തിൽ ചെലവായ തുക എത്ര;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly